**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2934

18.06.2018- ൽ
മറുപടിയ്ക്ക്

## മഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.ഉമ്മർ | | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മഞ്ചേരി ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ ഭൂമി റവന്യൂ വകുപ്പ് റദ്ദാക്കാനിടയാക്കിയ സാഹചര്യം വിശദമാക്കാമോ;<br>(ബി) പ്രസ്തുത തീരുമാനം കൈക്കൊള്ളുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | എ) & ബി) | 4/6/2015 ലെ സ.ഉ.(എം.എസ്) 235/2015/ഉ.വി.വ പ്രകാരം മഞ്ചേരി ടെക്നിക്കൽ ഹൈസ്കൂളിന്റെ 50 സെന്റ് സ്ഥലം മലപ്പുറം ജില്ലയിൽ മഞ്ചേരിയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഉപയോഗാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്ന് മലപ്പുറം ജില്ലയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭൂമി അനുവദിക്കുന്നതിന് ആഭ്യന്തര വകുപ്പ് അഭ്യർത്ഥിച്ചിരുന്നു. മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ നറുകര വില്ലേജിൽ ബ്ലോക്ക് നം.50 റീ സർവ്വെ 144/1 ൽ പ്പെട്ട 20.23 ആർ സ്ഥലം ഫയർ ആന്റ് റസ്ക്യൂ വകുപ്പിന് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ 09.12.2015-ലെ LRK2-45102/15 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയിരുന്നു. പ്രസ്തുത സ്ഥലം റവന്യൂ രേഖകൾ പ്രകാരം സർക്കാർ പുറമ്പോക്ക് ഭൂമിയിൽപ്പെട്ടതും നിലവിൽ മഞ്ചേരി ടെക്നിക്കൽ ഹൈസ്കൂളിന്റെ കൈവശത്തിലിരിക്കുന്നതുമാണ്. |

പ്രസ്തുത വിഷയം പരിശോധിച്ചതിൽ സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിലായിരിക്കെ ഭൂമി സംബന്ധമായ ഉത്തരവുകൾ പുറപ്പെടുവിക്കാനുള്ള അധികാരവും റവന്യൂ വകുപ്പിൽ നിക്ഷിപ്തമാണ്. ആകയാൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കാനുള്ള കാരണം വ്യക്തമാക്കി, ടി ഉത്തരവ് റദ്ദ് ചെയ്തതിനുശേഷം മേൽ വിഷയത്തിൽ ഭൂമി കൈമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി ഫയൽ തിരികെ നൽകുവാൻ ആഭ്യന്തര വകുപ്പിനോട് 29.02.2016 ൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ഫയൽ തിരികെ നൽകാൻ നടപടി സ്വീകരിക്കുവാൻ ആഭ്യന്തര വകുപ്പിനോടും ഇക്കാര്യത്തിൽ അനന്തര നടപടി സ്വീകരിക്കുവാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിനോടും 09.04.2018 ൽ ആവശ്യപ്പെട്ടിട്ടുണ്ട്. ആവശ്യപ്പെട്ടിരുന്ന ഫയൽ ആഭ്യന്തര വകുപ്പിൽ നിന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

(സി) ഇതു സംബന്ധിച്ച് ഭൂമി തിരികെ ലഭ്യമാക്കുന്നതിനായി പരാതികൾ ലഭിച്ചിരുന്നോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(സി) ഭൂമി തിരികെ ലഭ്യമാക്കുന്നത് സംബന്ധിച്ച് പരാതികളൊന്നും ലഭ്യമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**